LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അശരണരും ആലംബഹീനരുമായ അഗതി കുടുംബങ്ങളേയാണ് അംഗങ്ങളായി ചേർക്കുന്നത്. ഇതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ദരിദ്രരായ അഗതി കുടുംബങ്ങളെ ഗ്രാമപഞ്ചായത്തുകൾ മുഖേന കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും കുടുംബശ്രീ പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പ്രത്യേക സാമ്പത്തിക സഹായത്തോടുകൂടി പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി അഗതി കുടുംബങ്ങളുടെ പൊതുവായ ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യാവശ്യങ്ങൾ, അതിജീവനാവശ്യങ്ങൾ, വികസനാവശ്യങ്ങൾ എന്നിവ നിറവേറ്റുന്നതിനായി പ്രവർത്തനം നടത്തിവരുന്നു.

(സി) അഗതി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി ഓരോ കുടുംബത്തിനും നൽകേണ്ട ആനുകൂല്യങ്ങൾ നിലവിലുള്ള പദ്ധതികൾക്ക് അനുസൃതമായി നൽകിവരുന്നു.

(ഡി) ഈ പദ്ധതിയിൽ വ്യക്തികൾ ചേരുകയല്ല, മറിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം അഗതി കുടുംബങ്ങളെ കണ്ടെത്തി അവരുടെ പുനരധിവാസത്തിന് പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്. 101 പഞ്ചായത്തുകൾ തയ്യാറാക്കിയ ഇത്തരം പ്രോജക്ടുകളിൽ ഇപ്പോൾ 6239 അഗതി കുടുംബങ്ങളെ കണ്ടെത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആശ്രയ പദ്ധതി

67 (823) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എ. സുജനപാൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആശ്രയ പദ്ധതി നടപ്പാക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ ;

(സി) ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരം ആണെന്നും എത്ര ഗ്രാമപഞ്ചായത്തുകളിൽ ഇതു നടപ്പിലാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 'ആശ്രയ' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്.

(ബി) ദരിദ്രരായ അഗതികുടുംബങ്ങളെ ഗ്രാമപഞ്ചായത്തുകൾ മുഖേന കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും കുടുംബശ്രീ പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രത്യേക സാമ്പത്തിക സഹായത്തോടുകൂടി പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കി അഗതി കുടുംബങ്ങളുടെ പൊതുവായ ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, അതിജീവനാവശ്യങ്ങൾ, വികസനാവശ്യങ്ങൾ എന്നിവ നിറവേറ്റുന്നതിനായി പ്രവർത്തനം നടത്തിവരുന്നു.

(സി) കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള 9 ക്ലേശ ഘടകങ്ങളിൽ 8 എണ്ണമെങ്കിലും ബാധകമായ കുടുംബങ്ങളിൽ നിന്നുമാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത്. ആകെ 101 ഗ്രാമപഞ്ചായത്തുകളിൽ ഇതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ 91 ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 10 ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ടി പഞ്ചായത്തുകൾക്കും ഫണ്ട് നൽകുന്നതാണ്.

2002-03-ൽ ത്രിതല പഞ്ചായത്തുകൾ ചെലവഴിച്ച തുക

68 (824) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-03 ബഡ്ജറ്റിൽ ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയിൽ ചെലവഴിച്ച തുക എത്രയാണ് ;

(ബി) പ്രസ്തുത പദ്ധതിയിനത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ)

	2002-03-ൽ കൊടുത്തത്	മുൻവർഷത്തെ ബാക്കി ഉൾപ്പെടെ 31-3-2003 വരെ ചെലവഴിച്ചത്
ഗ്രാമപഞ്ചായത്ത്	570.63 കോടി രൂപ	299.56 കോടി രൂപ
ബ്ലോക്ക് പഞ്ചായത്ത്	134.96 കോടി രൂപ	82.89 കോടി രൂപ
ജില്ലാ പഞ്ചായത്ത്	135.70 കോടി രൂപ	79.7 കോടി രൂപ

(ബി) ഉണ്ട്.

(സി) പദ്ധതിവിഹിതത്തിന്റെ 25% (നാലാം ഗഡു) കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly